## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5102

15.11.2019 – ൽ
മറുപടിയ്ക്ക്

# മുണ്ടേരി വിത്ത് കൃഷി തോട്ടത്തിൽ കാഷ്വൽ തൊഴിലാളി നിയമനം

| ചോദ്യം<br>ശ്രീ.പി.വി. അൻവർ | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) മുണ്ടേരി ജില്ലാ വിത്ത് കൃഷി തോട്ടത്തിലേക്ക് പുതിയ കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തയ്യാറാക്കിയിരുന്ന പട്ടികയിൽ നിന്നും നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നാണ് നിയമനം നടത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | എ) ഇല്ല. 2019 ആഗസ്റ്റ് 8,9 തീയതികളിൽ ഉണ്ടായ പ്രളയത്തിൽ മുണ്ടേരി ഫാമിലെ റോഡുകളും, കൃഷിയിടങ്ങളും മറ്റും നശിച്ചിരുന്നു. പ്രസ്തുത റോഡുകൾ പുനർനിർമ്മിച്ച് കൃഷി സ്ഥലങ്ങൾ കൃഷിയോഗ്യമാക്കിയതിനുശേഷം കാഷ്വൽ തൊഴിലാളികളുടെ നിയമനം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| ബി) മേൽ ലിസ്റ്റിൽ നിന്നും ആളുകളെ നിയമിക്കുന്നില്ലെങ്കിൽ കാരണം വിശദമാക്കാമോ; | ബി) മുണ്ടേരി വിത്ത് കൃഷിത്തോട്ടത്തിലെ കൃഷിയോഗ്യമായ കുറച്ച് സ്ഥലങ്ങളിൽ ഉരുൾപൊട്ടൽ, പ്രളയം, എന്നിവമൂലം ഇപ്പോൾ കാർഷിക പ്രവൃത്തികൾ നിർവ്വഹിക്കാൻ സാധിക്കുന്നില്ല. മേൽ സാഹചര്യത്തിലാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നൽകിയ ലിസ്റ്റിൽ നിന്നും ആളുകളെ നിയമിക്കുവാൻ കഴിയാതെ വന്നത്. |
| സി) മലപ്പുറം ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്ന യോഗ തീരുമാനമായ ഫാമിന്റെ അതിർത്തി നിർണ്ണയത്തിന് റവന്യൂ, കൃഷി, വനം വകുപ്പുകളുടെ സംയുക്ത സർവ്വേ നടപടികളുടെ പുരോഗതി വിശദമാക്കാമോ? | സി) മലപ്പുറം ജില്ലാ കളക്ടറുടെ ചേംബറിൽ വെച്ച് നടന്ന യോഗത്തിൽ കൃഷി, റവന്യൂ, വനം എന്നീ വകുപ്പുകളുടെ സാന്നിധ്യത്തിൽ അതിർത്തികൾ വേർതിരിക്കുന്നതിനായി സ്പെഷ്യൽ ടീമിനെ വെച്ച് ഒരു സംയുക്ത സർവ്വേ നടത്തി ഡീമാർക്കേറ്റ് ചെയ്യണം എന്ന് നിർദ്ദേശിക്കുകയും ആയത് സംസ്ഥാന കാർഷികോത്പാദന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്രത്യേക യോഗത്തിൽ അവതരിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സംയുക്ത ടീം രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കുന്നതിന് മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ